"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - ബാലനിധി - പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.90/2026/WCDD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-
1. 01-11-2017-ലെ സ.ഉ(സാധാ) നം. 730/2017/സാനീവ
2. 19-10-2023 ലെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ DWCD/6280/2022-ICPS 4 നമ്പർ കത്ത്
3. ബഹു. വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 25/06/2025 ന് ചേർന്ന യോഗ തീരുമാനം
4. 05-12-2025 ലെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ DWCD/2004/2025-ICPS 4 നമ്പർ കത്ത്

**ഉത്തരവ്**

ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകളനുഭിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ച ബാലനിധിയുടെ(ജുവനൈൽ ജസ്റ്റിസ് ഫണ്ട്) മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരമുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ബാലനിധി സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദേശങ്ങളും അപേക്ഷകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ ഫോർമാറ്റ്, ബാലനിധിയുടെ നിലവിലെ 3 ആപ്ലിക്കേഷൻ ഫോമുകളായ ചികിത്സാ സഹായത്തിനുള്ള അപേക്ഷ, ജെ ജെ ഫണ്ടിനുള്ള അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ പുതുക്കിയ ഫോർമാറ്റ് എന്നിവയും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 സെക്ഷൻ 105 പ്രകാരവും ജെ.ജെ മോഡൽ റൂൾ 2016 ലെ റൂൾ 83 പ്രകാരവും കുട്ടികളുടെ

ക്ഷേമത്തിനും,പുനരധിവാസത്തിനും,സംരക്ഷണത്തിനും ധനസഹായം നല്കുന്നതിലേക്കായി രൂപീകരിച്ച ബാലനിധിയുടെ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾക്കും,അന്വേഷണ റിപ്പോർട്ടിന്റെ ഫോർമാറ്റ്, ബാലനിധിയുടെ നിലവിലെ 3 ആപ്ലിക്കേഷൻ ഫോമുകളായ ചികിത്സാ സഹായത്തിനുള്ള അപേക്ഷ, ജെ ജെ ഫണ്ടിനുള്ള അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ പുതുക്കിയ ഫോർമാറ്റ് എന്നിവയ്ക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 25-02-2026 14:29:11
സെക്ഷൻ ഓഫീസർ